# ECHO OF HIS CALL

MALAYALAM

വിളിയുടെ പ്രതിധ്വനി

*India's National Spiritual Newspaper*

₹ 10/-

1969 to 2029 ECHO OF HIS CALL SINCE 1983

Published monthly in ENGLISH, TAMIL, MALAYALAM, TELUGU, HINDI, KANNADA, MARATHI, BENGALI, GUJARATI, ODIYA, ASSAMESE, PUNJABI, NEPALI, URDU, SINHALA & AFRIKAN

Editor : S. SAM SELVA RAJ | 16 Languages | Associate Editor : Ev. BENJAMIN MOSES

Vol. XXXII YEAR OF OUR LORD JESUS CHRIST, 2026 SEPTEMBER No. 11


## വിശുദ്ധ വേദപുസ്തകം

**ദയവായി ഈ ഭാഗം മനഃപാഠമാക്കുക**

### സങ്കീർത്തനങ്ങൾ 103:1 – 10

01. എൻ മനമേ, യഹോവയെ വാഴ്ത്തുക; എന്റെ സർവ്വാന്തരംഗവുമേ, അവന്റെ വിശുദ്ധനാമത്തെ വാഴ്ത്തുക.
02. എൻ മനമേ, യഹോവയെ വാഴ്ത്തുക; അവന്റെ ഉപകാരങ്ങൾ ഒന്നും മറക്കരുതു.
03. അവൻ നിന്റെ അകൃത്യം ഒക്കെയും മോചിക്കുന്നു; നിന്റെ സകല രോഗങ്ങളെയും സൗഖ്യമാക്കുന്നു.
04. അവൻ നിന്റെ ജീവനെ നാശത്തിൽ നിന്നു വീണ്ടെടുക്കുന്നു; അവൻ ദയയും കരുണയും നിന്നെ അണിയിക്കുന്നു.
05. നിന്റെ യൗവ്വനം കഴുകനെപ്പോലെ പുതുകിവരത്തക്കവണ്ണം അവൻ നിന്റെ വായ്ക്കു നന്മകൊണ്ടു തൃപ്തിവരുത്തുന്നു.
06. യഹോവ സകല പീഡിതന്മാർക്കും വേണ്ടി നീതിയും ന്യായവും നടത്തുന്നു.
07. അവൻ തന്റെ വഴികളെ മോശെയെയും തന്റെ പ്രവൃത്തികളെ യിസ്രായേൽ മക്കളെയും അറിയിച്ചു.
08. യഹോവ കരുണയും കൃപയും നിറഞ്ഞവൻ ആകുന്നു; ദീർഘക്ഷമയും മഹാദയയും ഉള്ളവൻ തന്നേ.
09. അവൻ എല്ലായ്പ്പോഴും ഭത്സിക്കയില്ല; എന്നേക്കും കോപം സംഗ്രഹിക്കയുമില്ല.
10. അവൻ നമ്മുടെ പാപങ്ങൾക്കു ഒത്തവണ്ണം നമ്മോടു ചെയ്യുന്നില്ല; നമ്മുടെ അകൃത്യങ്ങൾക്കു ഒത്തവണ്ണം നമ്മോടു പകരം ചെയ്യുന്നതുമില്ല.

# ഓർമ്മിക്കുവാനായി ഓർമ്മിക്കുവിൻ!

## REMEMBER TO REMEMBER!

*സിസ്റ്റർ ജെസ്സി വീണാ സാം*



**അവൻ ചിലരെ അപ്പൊസ്തലന്മാരായും ചിലരെ പ്രവാചകന്മാരായും ചിലരെ സുവിശേഷകന്മാരായും ചിലരെ ഇടയന്മാരായും ഉപദേഷ്ടാക്കന്മാരായും നിയമിച്ചിരിക്കുന്നു. – എഫെസ്യർ 4:11.**

നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ അത്ഭുതകരമായ നാമത്തിൽ, **വിളിയുടെ പ്രതിധ്വനിയുടെ** വിദൂരത്തിലുള്ള എല്ലാ കുടുംബാംഗങ്ങൾക്കും ആശംസകൾ.

ഞങ്ങളുടെ മാസികയിലൂടെ നിങ്ങളുമായി ബന്ധപ്പെടുന്നത് എല്ലായ്പോഴും സന്തോഷകരവും വലിയ പദവിയുമാണ്. ഈ മാസിക നിങ്ങൾക്ക് ഒരു അനുഗ്രഹമായി എങ്കിൽ ദയവായി ഞങ്ങൾക്ക് എഴുതാൻ മടിക്കേണ്ട.

നിങ്ങളുടെ വിലയേറിയ നിർദ്ദേശങ്ങൾക്കും പ്രതികരണങ്ങൾക്കും ഞങ്ങൾ നന്ദിയുള്ളവരായിരിക്കും.

### അദ്ധ്യാപക ദിനാശംസകൾ!

നമ്മെ പഠിപ്പിക്കുകയും സ്വാധീനിക്കുകയും ചെയ്തവരെ ഓർമ്മിക്കുന്ന ദിനം!

അടുത്ത തലമുറയുടെ മനസ്സുകളെ പ്രബുദ്ധമാക്കുന്നതിനായി ജീവിതം സമർപ്പിച്ച എല്ലാ അദ്ധ്യാപകർക്കും അദ്ധ്യാപകദിനാശംസകൾ!

**അവൻ ചിലരെ അപ്പൊസ്തലന്മാരായും ചിലരെ പ്രവാചകന്മാരായും ചിലരെ സുവിശേഷകന്മാരായും ചിലരെ ഇടയന്മാരായും ഉപദേഷ്ടാക്കന്മാരായും നിയമിച്ചിരിക്കുന്നു. –** എഫെസ്യർ 4:11.

3-ാം പേജിൽ തുടരും...


Echo of His Call

*Christian YouTube Channel!*



Every day 2 minutes message by

Pr. S. Sam Selva Raj!

in English, Hindi Language - 1.00 A.M.,
in Tamil & Telugu Language - 2.00 A.M.

and

Tamil & English Message & Prayer

Sunday 8.30 A.M. & 6.00 P.M.

Please Subscribe if you are blessed! Share with whom you love & care!!

# ECHO OF HIS CALL - (Marching towards 60th year)

Estd. 1969

## from your dearly beloved brother...





### ഞങ്ങളുടെ നിയോഗം

പ്രാചീന അപ്പൊസ്തലരുടെ ഉപദേശങ്ങൾ ആനുകാലിക തലമുറയ്ക്കു മായമില്ലാതെ വ്യാഖ്യാനം ചെയ്ത് പഠിപ്പിക്കുക എന്നതാണ് ഞങ്ങളുടെ ധർമ്മം. അതാണ് ഈ നിമിഷത്തിന്റെ ആവശ്യവും.

**HON. EDITOR-IN-CHIEF**
Rev. Dr. Angeline S. Kumari, M.A., M.Sc., M.Ed.

**EX MANAGING EDITOR**
Pastor Alex Samson Sam, B.Th., M.Div.

**GENERAL MANAGER**
Bro. N. Prakasam, M.A., M.Sc.(C&P), PGDHRM, MBA.

**ADMINISTRATION**
Sis. Jesy Veena Sam
Adv. K. Puratchivendan, M.Com., C.A., B.L.
Dr. P.E.R. Premchand, M.Sc., M.A., M.Ed., Ph.D.
Dr. C.G.S. Baburao, B.Tech., M.Tech. (DM), Ph.D.
Dr. Rabinder Boaz, M.S. (CMC)

**EDITORIAL BOARD**
Sis. Sajini Cherian
Rev. Dr. J. John Rajarathnam, B.E.S., B.D., M.Th.
Rev. Dr. K.R. Rajasekaran
Adv. N. Balaji, B.Com., M.L.

**EDITOR, PUBLISHER & PRINTER**
Pastor S. SAM SELVA RAJ
Echo of His Call Printers
10, Mohammed Abdullah 2nd Street,
Chepauk, Chennai- 600 005, India.
Phone : (+ 91- 44) 2852 8282, 2852 9293
Cell : (+91) 98410 71852, 98412 71858

**E.MAIL**
sam@echoofhiscall.org
biblecor@yahoo.co.in

**WEBSITES**
www.echoofhiscall.org
www.stpaulsmatriculation.org

**YOUTUBE CHANNEL**
Echo of His Call

### ...അവരുടെ ദേശത്തിന്നു സൗഖ്യം വരുത്തിക്കൊടുക്കും - (2 ദിനവൃത്താന്തം 7:14)

കർത്താവിൽ പ്രിയരേ,

നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ അതുല്യമായ നാമത്തിൽ നിങ്ങൾ ഓരോരുത്തർക്കും ആശംസകൾ നേരുന്നു!

ദൈവത്തിന്റെ സമൃദ്ധമായ കൃപയാൽ, ആഗസ്റ്റ് 10-ന് ഞങ്ങളുടെ ശുശ്രൂഷ അതിന്റെ 58-ാം വർഷത്തിലേക്ക് പ്രവേശിച്ചു. ആഗസ്റ്റ് 8,9,10 തിയതികളിൽ ഞങ്ങളുടെ സഭയിൽ നടന്ന ആത്മീയ യോഗങ്ങളിലൂടെ ലഭിച്ച കർത്താവിന്റെ സമൃദ്ധമായ അനുഗ്രഹങ്ങൾക്കായി ഞങ്ങൾ അവനെ സ്തുതിക്കുകയും നന്ദി പറയുകയും ചെയ്യുന്നു. വർഷങ്ങളായി ഞങ്ങളോടൊപ്പം വിശ്വസ്തതയോടെ നിലകൊള്ളുകയും ഈ ശുശ്രൂഷയിൽ പങ്കാളികളാകുകയും ചെയ്ത നിങ്ങളിൽ ഓരോരുത്തരോടും ഞങ്ങൾ അഗാധമായ നന്ദിയുള്ളവരാണ്. നിങ്ങളുടെ സ്നേഹത്തിനും, പ്രാർത്ഥനകൾക്കും, അചഞ്ചലമായ പിന്തുണയ്ക്കും കർത്താവ് നിങ്ങളെ ഓരോരുത്തരെയും സമൃദ്ധിയായി അനുഗ്രഹിക്കട്ടെ.

**നെഹെമ്യ ബൈബിൾ കോളേജിൽ**നിന്ന് ഡിപ്ലോമ ഇൻ തിയോളജി ബിരുദം നേടിയ ശേഷം ഇപ്പോൾ ചെന്നൈയിലെ എന്നൂർ പ്രദേശത്ത് കർത്താവിനെ സേവിക്കുന്ന സിസ്റ്റർ. ജെ. വിക്ടോറിയ തന്റെ മകൻ ജെ. അൻബുരാജിനെ കോളേജിൽ ചേർക്കുവാനായി ജൂലൈ 5-ാം തീയതി കോളേജ് സന്ദർശിച്ചു.



ഈ വിലയേറിയ പുനഃസമാഗമം ഞങ്ങളുടെ ഹൃദയങ്ങളെ നന്ദിയും സന്തോഷവും, പുതുക്കിയ പ്രോത്സാഹനവുംകൊണ്ട് നിറച്ചു. കർത്താവിനെ വിശ്വസ്തതയോടെ സേവിക്കുന്ന ഒരു മുൻ വിദ്യാർത്ഥി അടുത്ത തലമുറയെ ശുശ്രൂഷക്കായി പരിശീലിപ്പിക്കുവാൻ തയ്യാറാകുന്നത് ദൈവത്തിന്റെ വിശ്വസ്തതയുടെ അത്ഭുതകരമായ സാക്ഷ്യമാണ്. സിസ്റ്റർ. വിക്ടോറിയയുടെ സാക്ഷ്യത്തിന്റെ സംഗ്രഹം ചുവടെ ചേർക്കുന്നു.

*ദൈവകൃപയാൽ, 2011-2012 അധ്യയനവർഷത്തിൽ, വിളിയുടെ പ്രതിധ്വനിയുടെ കീഴിലുള്ള നെഹെമ്യ ബൈബിൾ കോളേജിൽ പഠിക്കാൻ എനിക്കു ഭാഗ്യം ലഭിച്ചു. ആദ്യ ദിവസം മുതൽ തന്നെ, ബൈബിൾ പഠിക്കേണ്ട ഒരു പുസ്തകം മാത്രമല്ല, അനുസരിക്കേണ്ടതും ദിവസവും അതിലൂടെ ജീവിക്കേണ്ടതാണെന്നും മനസ്സിലാക്കി. എനിക്കു ലഭിച്ച പരിശീലനത്തിലൂടെ ദൈവഹിതം തിരിച്ചറിയുവാനും അവനോടുള്ള വിശ്വസ്തമായ അനുസരണത്തിൽ നടക്കുവാനും എന്നെ സഹായിച്ചു.*

*അധ്യാപകർ പകർന്നു നൽകിയ വേദപുസ്തക പഠനവും ദൈവിക തത്വങ്ങളും എന്റെ ആത്മീയ ജീവിതത്തിനും ശുശ്രൂഷയ്ക്കും ശക്തമായ അടിത്തറ നൽകി. പ്രാർത്ഥന, അച്ചടക്കം, വിനയം, സമഗ്രത, സമയനിഷ്ഠ, ശുശ്രൂഷയുടെ വ്യക്തമായ ദർശനം എന്നീ മൂല്യങ്ങൾ*

*നേടിയതിലൂടെ അവ, കർത്താവിനായുള്ള എന്റെ സേവനത്തിൽ ഇന്നും എന്നെ ശക്തിപ്പെടുത്തുകയും നയിക്കുകയും ചെയ്യുന്നു.*

*ഈ സ്ഥാപനത്തിലൂടെ എന്റെ ജീവിതം രൂപപ്പെടുത്തിയതിന് ഞാൻ പൂർണ്ണഹൃദയത്തോടെ ദൈവത്തിന് നന്ദി പറയുന്നു. എന്റെ പരിശീലനത്തിലുടനീളം എന്നെ സ്നേഹപൂർവ്വം പഠിപ്പിക്കുകയും, നയിക്കുകയും, പ്രോത്സാഹിപ്പിക്കുകയും, എനിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്ത അദ്ധ്യാപകർക്കും ഭരണകൂടത്തിനും ഞാൻ നന്ദി പറയുന്നു. വിളിയുടെ പ്രതിധ്വനി ശുശ്രൂഷകൾ കൂടുതൽ യുവതീയുവാക്കളെ ദൈവരാജ്യത്തിനായി സജ്ജരാക്കുന്നത് തുടരുകയും അവരെ ഭൂമിയുടെ ഉപ്പായും ലോകത്തിന്റെ വെളിച്ചമായും ഉയർത്തുകയും ചെയ്യണമെന്നാണ് എന്റെ ആത്മാർത്ഥമായ പ്രാർത്ഥന.*

*- സിസ്റ്റർ വിക്ടോറിയ*

നിങ്ങളുടെ തുടർച്ചയായ സ്നേഹത്തിനും, വിശ്വസ്തമായ പ്രാർത്ഥനകൾക്കും, ഉദാരമായ പിന്തുണയ്ക്കും **വിളിയുടെ പ്രതിധ്വനി** കുടുംബത്തിലെ ഓരോ അംഗത്തിനും ഞങ്ങൾ ഹൃദയംഗമമായ നന്ദി അറിയിക്കുന്നു. സുവിശേഷം പ്രഘോഷിക്കുന്നതിനും ദൈവിക സേവനത്തിനായി വിശ്വാസികളെ സജ്ജരാക്കുന്നതു തുടരാനായും നിങ്ങളുടെ പങ്കാളിത്തം ഞങ്ങളെ പ്രാപ്തരാക്കുന്നു.

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ സമൃദ്ധമായ കൃപയും സമാധാനവും അനുഗ്രഹങ്ങളും നിങ്ങളോടൊപ്പമുണ്ടാകട്ടെ.

ആമേൻ!

*ക്രിസ്തുയേശുവിൽ നിങ്ങളുടെ സേവകൻ*

*പാസ്റ്റർ. എസ്. സാം സെൽവരാജ്*

ഇമെയിൽ : sam@echoofhiscall.org

1-ാം പേജിന്റെ തുടർച്ച...

ദൈവം നമുക്കു നൽകിയ ആദ്യ അദ്ധ്യാപകരാണ് മാതാപിതാക്കൾ എന്നു ഞാൻ ശരിക്കും വിശ്വസിക്കുന്നു. ജീവിതത്തിലെ ആദ്യപാഠങ്ങൾ നമ്മെ പഠിപ്പിക്കുകയും നമ്മുടെ ആദ്യ ചുവടുകൾ നയിക്കുകയും ചെയ്തവരാണ് അവർ.

ഇന്ത്യയുടെ രണ്ടാമത്തെ രാഷ്ട്രപതിയായ ഡോ. സർവേപ്പള്ളി രാധാകൃഷ്ണന്റെ ജന്മദിനമായ സെപ്റ്റംബർ 5-ന് ഇന്ത്യയിൽ എല്ലാ വർഷവും അദ്ധ്യാപകദിനം ആഘോഷിക്കുന്നു. അദ്ദേഹം അദ്ധ്യാപകരെ വളരെയധികം വിലമതിക്കുകയും ഭാവി തലമുറകളുടെ മനസ്സിനെ രൂപപ്പെടുത്തുന്നതിലുള്ള അവരുടെ നിർണ്ണായക പങ്ക് തിരിച്ചറിയുകയും ചെയ്തു.



നമ്മിൽ എത്ര പേരാണ് നമ്മുടെ സ്കൂൾ അദ്ധ്യാപകരെയും, നമ്മുടെ സണ്ടേസ്കൂൾ അദ്ധ്യാപകരെയും, ബൈബിൾ കോളേജ് അദ്ധ്യാപകരെയും ഇപ്പോഴും ഓർക്കുന്നു എന്ന് ഞാൻ അത്ഭുതപ്പെടാറുണ്ട്. ഏറ്റവും പ്രധാനമായി, പെൻസിൽ പിടിക്കാനും, ആദ്യാക്ഷരങ്ങൾ എഴുതാനും, ആദ്യമായി സംഖ്യകൾ എണ്ണാനും പഠിപ്പിച്ച നമ്മുടെ പ്രൈമറി സ്കൂൾ അദ്ധ്യാപകരെ നാം ഓർക്കുന്നുണ്ടോ?

കാലം കടന്നുപോകുമ്പോൾ, നാം ഇപ്പോൾ ആയിരിക്കുന്ന അവസ്ഥയിൽ എത്താനായി കയറിയ പടികൾ പലപ്പോഴും മറന്നുപോകുന്നു.

എന്റെ അമ്മ ശ്രീമതി. ജയ്സ്ലി സെൽവൻ 32 വർഷം ഒരു പ്രൈമറി സ്കൂൾ അദ്ധ്യാപികയായിരുന്നു. ഞങ്ങളുടെ പ്രദേശത്തെ കുട്ടികളെ അവർ എല്ലാ വിഷയങ്ങളും പഠിപ്പിച്ചു. കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിനെ ഞങ്ങൾക്കു പരിചയപ്പെടുത്തിത്തന്ന ഞങ്ങളുടെ സണ്ടേസ്കൂൾ അദ്ധ്യാപിക കൂടിയായിരുന്നു അവർ.

അവർ വെറുമൊരു അദ്ധ്യാപിക മാത്രമായിരുന്നില്ല; ചെറുപ്പം മുതലേ കുട്ടികൾക്ക് കർത്താവിനെ പരിചയപ്പെടുത്തുകയും വിദ്യാഭ്യാസത്തിൽ വളർത്തുകയും ചെയ്തവരാണ്.

അവർ **വിളിയുടെ പ്രതിധ്വനി** മുഖ്യസഭയിലെ ആദ്യത്തെ സണ്ടേസ്കൂൾ അദ്ധ്യാപിക കൂടിയായിരുന്നു. അനേകം ശുശ്രൂഷകരെയും പാസ്റ്റർമാരെയും ആത്മീയമായി വളർത്തിയതും അവരായിരുന്നു.

അവരുടെ ജീവിതത്തിനായി ഞാൻ ദൈവത്തിനു നന്ദി പറയുന്നു. യേശുക്രിസ്തുവിലുള്ള അവരുടെ അചഞ്ചലമായ വിശ്വാസത്തെ നന്ദിയോടെ ഓർക്കുന്നു.

**ഓർമ്മിക്കാനായി ഓർമ്മിക്കുവിൻ!**

ഓർമ്മിക്കാനായി വേദപുസ്തകം നമ്മെ ആവർത്തിച്ചു പഠിപ്പിക്കുന്നു.

നമുക്കുവേണ്ടി വൻ കാര്യങ്ങൾ ചെയ്ത കർത്താവിനെ ഓർമ്മിക്കുവിൻ.

മറവി ലളിതമായ ഓർമ്മക്കുറവല്ല. വളരെ ഗൗരവമായ ഒന്നായിട്ടാണ് വേദപുസ്തകം അതിനെ അവതരിപ്പിക്കുന്നത്. തിരുവെഴുത്തുകളിൽ പരാമർശിച്ചിരിക്കുന്ന ശാന്തവും അപകടകരവുമായ പാപങ്ങളിലൊന്നാണ് മറവിയുടെ പാപം. അതിനാൽ നന്ദിയുള്ളവരായിരിക്കുക എന്നത് വളരെ പ്രധാനമാണ്.

മറവി, കോപം, സത്യസന്ധതയില്ലായ്മ, അധാർമ്മികത അല്ലെങ്കിൽ അഹങ്കാരം എന്നിവയൊക്കെയാണ് പാപം എന്നാണ് നാം കരുതിയിരിക്കുന്നത്. ദൈവത്തെയും അവന്റെ


## വളരെ അടിയന്തരമായ അറിയിപ്പ്!




**വിളിയുടെ പ്രതിധ്വനി** തപാലിലൂടെ അയയ്ക്കുന്നതുമായി ബന്ധപ്പെട്ട് സമീപഭാവിയിൽ തടസ്സങ്ങൾ നേരിടാൻ സാദ്ധ്യതയുള്ളതിനാൽ **വിളിയുടെ പ്രതിധ്വനി** മാസിക തുടർന്നും ലഭിക്കണമെന്ന് താല്പര്യമുള്ളവർ നിങ്ങളുടെ പേര്, വിലാസം, ഇ-മെയിൽ, വാട്ട്സ്ആപ് നമ്പർ മുതലായവ ഞങ്ങളെ കത്ത്, ഇ-മെയിൽ, ഫോൺ, SMS, വാട്ട്സ്ആപ് എന്നിവയിലൂടെ എത്രയും വേഗം ഞങ്ങളെ അറിയിക്കുവിൻ.

നിങ്ങളുടെ പിന്താങ്ങൽ നിങ്ങളെ കൂടുതലായി സേവിക്കുവാൻ ഞങ്ങളെ സഹായിക്കുന്നു.

**ഞങ്ങളുടെ വിലാസം:**

**വിളിയുടെ പ്രതിധ്വനി,**
10, മുഹമ്മദ് അബ്ദുള്ള 2-ാം തെരുവ്, ചെപ്പോക്ക്, ചെന്നൈ 600 005, ഇന്ത്യ
ഫോൺ: (+91) 98412 71858 ഇ-മെയിൽ: sam@echoofhiscall.org

നന്മയെയും മറക്കുക എന്നത ഹൃദയത്തിന്റെ സൂക്ഷ്മമായ അവസ്ഥയാണെന്ന് വേദപുസ്തകം പഠിപ്പിക്കുന്നു.

***ദൈവവചനം നമ്മെ ഓർമ്മിപ്പിക്കുകയും മുന്നറിയിപ്പും നൽകുന്നത്:***

- ആവർത്തനം 6:12: **യഹോവയെ മറക്കാതിരിപ്പാൻ സൂക്ഷിച്ചുകൊൾക.**
- ആവർത്തനം 8:2: **...നിന്നെ ഈ നാല്പതു സംവത്സരം മരുഭൂമിയിൽ നടത്തിയ വിധമൊക്കെയും നീ ഓർക്കേണം.**
- സങ്കീർത്തനങ്ങൾ 103:2: **യഹോവയെ വാഴ്ത്തുക; അവന്റെ ഉപകാരങ്ങൾ ഒന്നും മറക്കരുതു.**
- 1 ദിനവൃത്താന്തം 16:13: **അവൻ ചെയ്ത അത്ഭുതങ്ങളും അരുളിച്ചെയ്ത അടയാളങ്ങളും വിധികളും ഓർത്തുകൊൾവിൻ.**
- സങ്കീർത്തനങ്ങൾ 77:11,12: **ഞാൻ യഹോവയുടെ പ്രവൃത്തികളെ വർണ്ണിക്കും; നിന്റെ പണ്ടത്തെ അത്ഭുതങ്ങളെ ഞാൻ ഓർക്കും. ഞാൻ നിന്റെ സകലപ്രവൃത്തിയെയും കുറിച്ചു ധ്യാനിക്കും; നിന്റെ ക്രിയകളെക്കുറിച്ചു ഞാൻ ചിന്തിക്കും.**

ബൈബിളിൽ മറവി എന്നത് കേവലം ഓർമ്മക്കുറവല്ല; അത് നന്ദികേടാകാം.

ഒരു വ്യക്തി അനുഗ്രഹം അനുഭവിക്കുകയും അനുഗ്രഹത്തിന്റെ ഉറവിടത്തെ അവഗണിക്കുകയും ചെയ്യുമ്പോൾ സംഭവിക്കുന്ന ഒരു അവസ്ഥയാണിത്. ഒരാൾക്ക് ദയ ലഭിക്കുകയും തങ്ങളോടു കാണിച്ച ദയ അംഗീകരിക്കാൻ പരാജയപ്പെടുകയും ചെയ്യുമ്പോൾ സംഭവിക്കുന്ന ഒരു അവസ്ഥയാണിത്. ഒരാളെ ഇപ്പോഴത്തെ നല്ല അവസ്ഥയിൽ എത്താൻ സഹായിച്ചവരുടെ സമർപ്പണം, പ്രാർത്ഥനകൾ, വിശ്വസ്തത എന്നിവയെല്ലാം മറന്ന് ആഘോഷിക്കുമ്പോൾ സംഭവിക്കുന്ന അവസ്ഥയാണിത്.

മറ്റുള്ളവരുടെ നന്മയാൽ അനുഗ്രഹിക്കപ്പെട്ടവരും എന്നാൽ അത് ഓർമ്മിക്കാൻ കഴിയാത്തവരുമായവരെ വേദപുസ്തകത്തിലുടനീളം നമുക്കു കാണാൻ കഴിയും. അവരുടെ കഥകൾ അവരെ വിമർശിക്കാൻ വേണ്ടി മാത്രമുള്ളതല്ല, മറിച്ച് അത് നമുക്കുള്ള മുന്നറിയിപ്പുകളായി രേഖപ്പെടുത്തിയിരിക്കുന്നു.

നാം നമ്മോടു തന്നെ ചോദിക്കേണ്ട ചോദ്യം ഇതാണ്:

നാം അനുഗ്രഹിക്കപ്പെടുവാനായി ദൈവം ഉപയോഗിച്ച വ്യക്തികളെ മറന്നുകൊണ്ട് ദൈവത്തിന്റെ അനുഗ്രഹങ്ങൾ നാം എപ്പോഴെങ്കിലും ആസ്വദിച്ചിട്ടുണ്ടോ?

## 1. മറന്നുപോയ ഉപകാരം: യോസേഫും പാനപാത്രവാഹകനും!

### ഉല്പത്തി 40 – 41

യോസേഫിന്റെ യാത്ര തിരസ്കരണവും നിരാശയും നിറഞ്ഞതായിരുന്നു. സ്വന്തം സഹോദരന്മാർ തന്നെ അവനെ ഒറ്റിക്കൊടുത്തു, അടിയയായി വിറ്റു, കുടുംബത്തിന്റെ സുഖലോലുപതയിൽനിന്നും അവനെ വേർപെടുത്തി. എന്നാൽ മിസ്രയീമിൽ ദൈവം യോസേഫിനോടൊപ്പം നിന്നു.

പൊത്തിഫേറിന്റെ ഭാര്യ യോസേഫിന്മേൽ ഇല്ലാത്ത തെറ്റ് ആരോപിച്ചതിനാൽ അവനെ ജയിലിലടച്ചു. ദൈവം അവനു നൽകിയ സ്വപ്നങ്ങളെ വ്യാഖ്യനിക്കാനുള്ള കഴിവിലൂടെ ദൈവം അവനെ അനുഗ്രഹിച്ചു.

തടവിലാക്കപ്പെട്ട ഫറവോന്റെ പാനപാത്രവാഹകനും അപ്പക്കാരനും കണ്ട അസ്വസ്ഥതയുളവാക്കുന്ന സ്വപ്നം വ്യാഖ്യാനിക്കാൻ ദൈവം നൽകിയ ജ്ഞാനത്താൽ യോസേഫിനു കഴിഞ്ഞു. വ്യാഖ്യാനിച്ചതുപോലെ തന്നെ കാര്യങ്ങൾ സംഭവിക്കുകയും പാനപാത്രവാഹകനെ അവന്റെ പഴയ സ്ഥാനത്തിലേക്കുതന്നെ ഫറവോൻ പുനഃസ്ഥാപിക്കുകയും ചെയ്തു.

പാനപാത്രവാഹകൻ ജയിൽ മോചിതനായ സമയം യോസേഫ് അവനോടു ലളിതമായ അഭ്യർത്ഥന നടത്തി:

**എന്നാൽ നീ ശുഭമായിരിക്കുമ്പോൾ... എന്നോടു ദയ ചെയ്ത് ...എന്നെ ഈ വീട്ടിൽ നിന്നും വിടുവിക്കേണമേ.** ഉല്പത്തി 40:14.

യോസേഫ് പ്രതിഫലമൊന്നും ആവശ്യപ്പെട്ടില്ല, മറിച്ച് ഓർമ്മിക്കണം എന്നു മാത്രമാണ് പറഞ്ഞത്.

***എന്നാൽ വേദപുസ്തകം വേദനാജനകമായ ഒരു യാഥാർത്ഥ്യം വെളിപ്പെടുത്തുന്നു:***

**എങ്കിലും പാനപാത്രവാഹകന്മാരുടെ പ്രമാണി യോസേഫിനെ ഓർക്കാതെ അവനെ മറന്നുകളഞ്ഞു.** ഉല്പത്തി 40:23.

പാനപാത്രവാഹകന് പദവി തിരികെ ലഭിച്ചെങ്കിലും യോസേഫ് കാരാഗ്രഹത്തിൽ തന്നെ ആയിരുന്നു. പ്രത്യാശ ലഭിച്ച മനുഷ്യൻ ദൈവത്തിലൂടെ പ്രത്യാശ നൽകിയ മനുഷ്യനെ മറന്നു.

ചിലപ്പോഴൊക്കെ ആളുകൾ തങ്ങളോടു ദയ കാണിച്ചവരെ മറന്നുപോകാറുണ്ട്, കാരണം അവർ സ്വന്തം അനുഗ്രഹങ്ങൾ മാത്രം നോക്കുന്നവരാണ്. പാനപാത്രവാഹകൻ ഇപ്പോൾ ജയിലിലായിരുന്നില്ല. പക്ഷെ ആ ഓർമ്മ പെട്ടെന്ന് മങ്ങിപ്പോയതായിരിക്കാം. യോസേഫിന്റെ കഷ്ടപ്പാടുകളേക്കാൾ സ്വന്തം സ്വാതന്ത്ര്യമാണ് വലുതായിരുന്നത്.

എന്നാൽ മനുഷ്യന്റെ മറവി ദൈവത്തിന്റെ വിശ്വസ്തതയെ ബാധിക്കുന്നില്ല. യോസേഫിനെ മനുഷ്യൻ രണ്ടു വർഷം കൂടി മറന്നുപോയെങ്കിലും ദൈവം ഒരിക്കലും അദ്ദേഹത്തെ മറന്നില്ല. ആമേൻ!

ദൈവം നിശ്ചയിച്ച സമയത്ത് ആർക്കും അടയ്ക്കാൻ കഴിയാത്ത ഒരു വാതിൽ അവൻ തുറന്നു. യോസേഫ് ഒറ്റ ദിവസംകൊണ്ട് ജയിലിൽനിന്ന് കൊട്ടാരത്തിലേക്ക് മാറ്റപ്പെട്ടു.

പ്രീയ സഹോദരീ സഹോദരന്മാരേ, ജനങ്ങൾ നമ്മെ ഓർക്കുന്നുണ്ടോ അല്ലെങ്കിൽ നാം ചെയ്ത കാര്യങ്ങൾ തിരിച്ചറിയുന്നുണ്ടോ എന്നതിന്റെ അടിസ്ഥാനത്തിൽ നമ്മുടെ മൂല്യം നിശ്ചയിക്കരുതെന്ന് ഈ കഥ നമ്മെ ഓർമ്മിപ്പിക്കുന്നു. മനുഷ്യന്റെ അംഗീകാരത്തിൽ നിന്ന് മാത്രം നമ്മുടെ പ്രതിഫലം ലഭിക്കുന്നു എന്നു കരുതരുത്. നമ്മുടെ എല്ലാ ദയാപ്രവൃത്തിയും, ത്യാഗവും, വിശ്വസ്തതയോടുള്ള നമ്മുടെ പ്രവൃത്തികളെയും ഓരോ നിമിഷവും കാണുന്നു.

***ആത്മവിശ്വാസം വർദ്ധിപ്പിക്കുക:***

**രഹസ്യത്തിൽ കാണുന്ന പിതാവു നിനക്കു പ്രതിഫലം തരും.** മത്തായി 6:6.

***എന്നാൽ ഈ കഥ നമ്മെ വെല്ലുവിളിക്കുകയും ചെയ്യുന്നു:***

- കടന്നുവന്ന വഴികളിൽ നമ്മെ സഹായിച്ചത് ആരൊക്കെയാണ്?
- നാം കഷ്ടപ്പെട്ട സമയം നമുക്കുവേണ്ടി പ്രാർത്ഥിച്ചത് ആരൊക്കെയാണ്?
- നമ്മൾ തളർന്നപ്പോൾ ആരാണ് നമുക്കു ധൈര്യം തന്നത്?

നമുക്കു ലഭിച്ച അനുഗ്രഹങ്ങൾ മാത്രം ഓർക്കുന്നവരും നമ്മുടെ ഭാരങ്ങൾ ചുമക്കാൻ സഹായിച്ചവരെ മറക്കുന്നവരുമായി നാം ഒരിക്കലും മാറരുത്.

## 2. മറന്നുപോയ പിതാവ്: യോവാശും യഹോദയാവും!

### 2 ദിനവൃത്താന്തം 24

മറന്നുപോയ വിശ്വസ്തതയുടെ ഏറ്റവും സങ്കടകരമായ ഉദാഹരണമാണ് യോവാശ് രാജാവ്.

6-ാം പേജിൽ തുടരും...

GREAT COMMISSION PARTNERS

ECHO OF HIS CALL MINISTRIES SINCE 1969

# പരമനിയോഗ ദൗത്യ പങ്കാളികൾ

പങ്കിടൽ (ഗലാത്യർ 6:2), സഹായം (റോമർ 12:13), കൂടുതൽ വേഗത (2 തിമൊഥെയോസ് 1:6)



## പ്രാർത്ഥനാ വിഷയങ്ങൾ

(ഈ കടലാസ് നിങ്ങളുടെ വേദപുസ്തകത്തിൽ വച്ച് വിഷയങ്ങൾക്കായി പ്രാർത്ഥിക്കുവിൻ)

### സ്തോത്രത്തിനായുള്ള വിഷയങ്ങൾ

**സെപ്റ്റംബർ 19** ⇨ മിഷൻ പ്രവർത്തകരുടെ മികച്ച പ്രതിബദ്ധതക്കും വിശ്വസ്ത സേവനത്തിനുമായി.

**സെപ്റ്റംബർ 20** ⇨ നമ്മുടെ പ്രാർത്ഥനാ പങ്കാളികൾ, വിശ്വാസ പങ്കാളികൾ, ജീവിത പങ്കാളികൾ, പരമനിയോഗ ദൗത്യ പങ്കാളികൾ എന്നിവരെയും കുടുംബാംഗങ്ങളെയും അനുഗ്രഹിച്ചതിനായി.

**സെപ്റ്റംബർ 21** ⇨ മുഖ്യസഭയിൽ പുതുതായി ചേർന്ന വിശ്വാസികളുടെ അനുഗ്രഹത്തിനായി.

**സെപ്റ്റംബർ 22** ⇨ മുഖ്യസഭയിലും ശാഖാ സഭകളിലും ഞായർ ആരാധനയിൽ വചനത്തിന്റെ ശക്തി വെളിപ്പെട്ടതിനായി.

**സെപ്റ്റംബർ 23** ⇨ നമ്മുടെ സുവിശേഷ അച്ചടിശാലയുടെ തടസ്സമില്ലാത്ത പ്രവർത്തനത്തിനും അർപ്പണബോധമുള്ള ജീവനക്കാർക്കായും.

**സെപ്റ്റംബർ 24** ⇨ രണ്ടു മിനിറ്റ് ദൈർഘ്യമുള്ള **വിളിയുടെ പ്രതിധ്വനി യുട്യൂബ് ശുശ്രൂഷയിലൂടെ** അനേകരുടെ ജീവിതങ്ങൾ രൂപാന്തരപ്പെട്ടു.

**സെപ്റ്റംബർ 25** ⇨ **സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂൾ, നെഹെമ്യ ബൈബിൾ കോളേജ്, ബൈബിൾ കറസ്പോണ്ടൻസ് കോഴ്സുകൾ** എന്നിവയെ ദൈവം അനുഗ്രഹിച്ചതിനായി.

**സെപ്റ്റംബർ 26** ⇨ **വിളിയുടെ പ്രതിധ്വനി** മാസികാ ശുശ്രൂഷയെ വിശ്വസ്തതയോടെ സേവിക്കുന്ന അസ്സോസിയേറ്റ് എഡിറ്റർമാർക്കായി.

**സെപ്റ്റംബർ 27** ⇨ വിവിധ ശുശ്രൂഷകളിലൂടെ സുവിശേഷം പ്രചരിപ്പിക്കുവാനുള്ള സീനിയർ പാസ്റ്ററുടെ പ്രതിബദ്ധതക്കായി.

**സെപ്റ്റംബർ 28** ⇨ സീനിയർ പാസ്റ്റർ സാം സെൽവരാജിനെയും കുടുംബത്തെയും സ്വർഗ്ഗീയ സംരക്ഷണവും നല്ല ആരോഗ്യവും നൽകിയതിനായി.

**സെപ്റ്റംബർ 29** ⇨ നെഹെമ്യ ബൈബിൾ കോളേജിന്റെ ബിരുദദാന ശുശ്രൂഷ ഭംഗിയായി നടത്താൻ പ്രാപ്തരാക്കിയതിനായി.

**സെപ്റ്റംബർ 30** ⇨ ശുശ്രൂഷക്കായി ഉപയോഗിക്കുന്ന വാഹനങ്ങളെയും അതിന്റെ ഡ്രൈവർമാരെയും സുരക്ഷിതമായി കാത്തുപരിപാലിക്കുന്നതിനായി.

**ഒക്ടോബർ 01** ⇨ ആശുപത്രി ശുശ്രൂഷയിലൂടെ അത്ഭുതങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നതിനായി.

**ഒക്ടോബർ 02** ⇨ മുഖ്യസഭയിലെ സ്ത്രീജനസഖ്യത്തെ അനുഗ്രഹിച്ചതിനായി.

**ഒക്ടോബർ 03** ⇨ യുവജനങ്ങൾക്കും കുട്ടികൾക്കുമായുള്ള ആഗോളദർശനത്തെ അനുഗ്രഹിച്ചതിനായി.

### പ്രാർത്ഥനയ്ക്കായുള്ള വിഷയങ്ങൾ

**ഒക്ടോബർ 04** ⇨ **നെഹെമ്യ ബൈബിൾ കോളേജിലെ** വിദ്യാർത്ഥികൾക്ക് ദൈവീക സംരക്ഷണത്തിനായി.

**ഒക്ടോബർ 05** ⇨ ആഗോള അസ്വസ്ഥതകൾക്കും യുദ്ധഭീതികൾക്കും മദ്ധ്യേ എല്ലാ രാഷ്ട്രങ്ങളുടെമേലും ദൈവീക സംരക്ഷണത്തിനായി. ലോകം മുഴുവനും സമാധാനവും സ്ഥിരതയും ഐക്യവും ഉണ്ടാകുവാനായി.

**ഒക്ടോബർ 06** ⇨ ആഗോള സാമ്പത്തിക മാന്ദ്യം മാറുവാനും ദുരിതമനുഭവിക്കുന്നവർക്ക് ആശ്വാസവും പ്രത്യാശയും ലഭിക്കുവാനായി.

**ഒക്ടോബർ 07** ⇨ ലോകമെമ്പാടുമുള്ള ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾക്കുള്ള ദൈവീക കരുതലിനായി.

**ഒക്ടോബർ 08** ⇨ ദൈവത്തിന്റെ സമൃദ്ധമായ സമ്പത്തിനനുസരിച്ച് നമ്മുടെ സാമ്പത്തിക ആവശ്യങ്ങൾ നിറവേറപ്പെടുവാനായി.

**ഒക്ടോബർ 09** ⇨ ഭരണത്തിന്റെയും വികസനത്തിന്റെയും മേഖലകളിൽ എല്ലാ രാജ്യങ്ങൾക്കുമിടയിൽ ഐക്യം, സമാധാനം, ജ്ഞാനം, പുരോഗതി എന്നിവ ഉണ്ടാകുവാനായി.

**ഒക്ടോബർ 10** ⇨ ശുശ്രൂഷയുടെ വളർച്ചയിലൂടെയും വികസനത്തിലൂടെയും സുവിശേഷവുമായി കൂടുതൽ പേരുടെ അടുക്കൽ എത്തുവാനായി.

**ഒക്ടോബർ 11** ⇨ ശക്തമായ അതിർത്തി സുരക്ഷയോടുകൂടി രാഷ്ട്രങ്ങൾ നീതിയുക്തവും ഫലപ്രദവുമായ ഭരണം കാഴ്ച വയ്ക്കുവാനായി.

**ഒക്ടോബർ 12** ⇨ എല്ലാ സ്കൂൾ കുട്ടികളുടെയും മേലുള്ള ദൈവീക സംരക്ഷണത്തിനായി.

**ഒക്ടോബർ 13** ⇨ എല്ലാ അസ്സോസിയേറ്റ് എഡിറ്റർമാർക്കും കുടുംബാംഗങ്ങൾക്കുമായി.

**ഒക്ടോബർ 14** ⇨ ഭൂമിയിൽ ദൈവരാജ്യം കെട്ടിപ്പടുക്കുവാൻ ദൈവം നമുക്ക് കൂടുതൽ ദർശനവും ജ്ഞാനവും മാർഗ്ഗനിർദ്ദേശങ്ങളും നൽകുവാനായി.

**ഒക്ടോബർ 15** ⇨ ദുഷ്ടശക്തികളിൽനിന്ന് സീനിയർ പാസ്റ്റർ സാം സെൽവരാജും കുടുംബവും വിടുവിക്കപ്പെടുവാനുള്ള സ്വർഗ്ഗീയ സംരക്ഷണത്തിനായി.

**ഒക്ടോബർ 16** ⇨ ലോകമെമ്പാടുമുള്ള തടവുകാരുടെ രക്ഷക്കായി.

**ഒക്ടോബർ 17** ⇨ നമ്മുടെ രാജ്യത്തെ കുട്ടികൾ ദൈവത്തോടു ചേർന്നു നടക്കുവാനും വചനം അനുസരിച്ചു ജീവിക്കുവാനുമായി.

**ഒക്ടോബർ 18** ⇨ രാജ്യങ്ങളുടെ ഉണർവ്വിനായി മദ്ധ്യസ്ഥത വഹിക്കുവാൻ പ്രാർത്ഥനാവീരന്മാരെ ഉയർത്തുവാൻ.

4-ാം പേജിന്റെ തുടർച്ച...

വെറും ഏഴു വയസ്സുള്ളപ്പോൾ യോവാശ് യഹൂദ്യയുടെ രാജാവായി. അവന്റെ അതിജീവനം ഒരു അത്ഭുതമായിരുന്നു. അവന്റെ അമ്മൂമ്മയായ അഥല്യാ രാജകുടുംബത്തെ നശിപ്പിക്കാൻ ശ്രമിച്ചപ്പോൾ യോവാശിനെ രക്ഷപ്പെടുത്തി ആലയത്തിൽ ഒളിപ്പിച്ചു.

അവനെ സംരക്ഷിച്ചത് യെഹോയാദ പുരോഹിതനായിരുന്നു.

യോവാശിന്റെ ജീവൻ രക്ഷിച്ചതിനു പുറമെ, യഹോയാദാ കൂടുതൽ കാര്യങ്ങൾ ചെയ്തു. അവൻ മാർഗദർശിയായിരുന്നു, ദൈവീക വഴികൾ പഠിപ്പിച്ചു, യഹൂദ്യയിൽ യഥാർത്ഥമായ സത്യാരാധന പുനഃസ്ഥാപിക്കാൻ സഹായിച്ചു. യഹോയാദായുടെ നേതൃത്വത്തിൽ യോവാശ് യഹോവയുടെ ദൃഷ്ടിയിൽ ശരിയായതു മാത്രം ചെയ്തു. ഈ വിശ്വസ്ത ദൈവദാസന്റെ ജ്ഞാനത്തിൽ നിന്നും ആത്മീയ മാർഗനിർദ്ദേശത്തിൽനിന്നും വർഷങ്ങളോളം യോവാശ് പ്രയോജനം നേടി. എന്നാൽ യഹോയാദാ മരിച്ചതിനുശേഷം കാര്യങ്ങൾ എല്ലാം മാറി.

ഭക്തികെട്ട ഉപദേശകരുടെ വാക്കുകൾ കേട്ട് യോവാശ് യഹോവയിൽനിന്നും അകന്നു. യഹോയാദാ അവനോട് പിന്തുടരാൻ ഉപദേശിച്ച ദൈവത്തെ അവൻ ഉപേക്ഷിച്ചു.

*വേദപുസ്തകം ഇങ്ങനെ പറയുന്നു:*

**യഹോയാദാ തന്നോടു കാണിച്ച ദയ യോവാശ് രാജാവ് ഓർത്തില്ല.** 2 ദിനവൃത്താന്തം 24:22.

- ❖ തന്റെ ജീവൻ രക്ഷിച്ച മനുഷ്യനെ മറന്നുകളഞ്ഞു.
- ❖ അവനെ നയിച്ച ഗുരുവിനെ മറന്നുകളഞ്ഞു.
- ❖ അവനിൽ ദൈവത്തെ നിക്ഷേപിച്ച ആത്മീയ പിതാവിനെ മറന്നുപോയി.

നമുക്കെല്ലാവർക്കും ഇത് ഒരു മുന്നറിയിപ്പാണ്.

പലരും ഇന്നത്തെ നിലയിൽ ആയിരിക്കുന്നത് ആരൊക്കെയോ അവരിൽ വചനം നിക്ഷേപിച്ചതുകൊണ്ടാണ്.

ഒരു രക്ഷിതാവ് പ്രാർത്ഥിച്ചു.

ഒരു ദൈവദാസൻ പഠിപ്പിച്ചു.

ഒരു സുഹൃത്ത് പ്രോത്സാഹിപ്പിച്ചു.

ഒരു ഉപദേഷ്ടാവ് ത്യാഗം സഹിച്ചു.

പക്ഷെ വിജയത്തിന് ആത്മീയ ഓർമ്മക്കുറവ് ഉണ്ടാക്കുവാൻ കഴിയും. ഓരോരുത്തരും സ്വാധീനമുള്ള ഒരു സ്ഥാനത്ത് എത്തിച്ചേരുമ്പോൾ, തങ്ങളെ ഉയരുവാൻ സഹായിച്ചവരെ അവർ മറന്നുകളയുന്നു.

ഒറ്റയ്ക്ക് ആരും വളർന്നുവരികയില്ല എന്നു നാം ഓർമ്മിക്കണം.

നന്ദിയുള്ള ഒരു വിശ്വാസി തന്റെ വളർച്ചയുടെ യാത്രയിൽ ദൈവം ഉപയോഗിച്ച ആളുകളെ ബഹുമാനിക്കുന്നു.

## 3. മറന്നുപോയ വിശ്വസ്തത : നാബാലും ദാവീദും!

### 1 ശമൂവേൽ 25

ആയിരക്കണക്കിന് ആടുകളുടെയും മാടുകളുടെയും ഉടമസ്ഥനായ ധനികനായ ഒരു വ്യക്തിയായിരുന്നു നാബാൽ. അദ്ദേഹത്തിന് സമൃദ്ധിയും വിഭവങ്ങളും സുരക്ഷിതത്വവും ഉണ്ടായിരുന്നു.

എന്നാൽ അദ്ദേഹത്തിന്റെ വിജയത്തിന് പിന്നിൽ ഒരു അദൃശ്യ അനുഗ്രഹം ഉണ്ടായിരുന്നു : സംരക്ഷണം.

ദാവീദും കൂട്ടരും മരുഭൂമിയിലായിരുന്ന സമയത്ത് അവർ നാബാലിന്റെ ഇടയന്മാരെയും ആട്ടിൻകൂട്ടങ്ങളെയും സംരക്ഷിച്ചു. അവർ അവന്റെ സ്വത്തുക്കൾക്കു ചുറ്റും ഒരു സുരക്ഷിതത്വ മതിൽ പോലെയായിരുന്നു. അവർ നാബാലിനെ മുതലെടുക്കുകയോ അവനിൽനിന്ന് മോഷ്ടിക്കയോ ചെയ്തില്ല.

ആടുകളുടെ രോമം കത്രിക്കുന്ന ഉത്സവത്തിന്റെ സമയമായപ്പോൾ, ദാവീദ് ഭക്ഷണസാധനങ്ങൾ ദയാപൂർവ്വം അഭ്യർത്ഥിക്കാൻ തന്റെ ദാസന്മാരെ അയച്ചു.

നന്ദി പ്രകടിപ്പിക്കുന്നതിനു പകരം നാബാൽ അഹങ്കാരത്തോടെയാണ് പ്രതികരിച്ചത്. ദാവീദിന്റെ വ്യക്തിത്വത്തെ അവൻ ചോദ്യം ചെയ്യുകയും ദാവീദും കൂട്ടരും ചെയ്ത സേവനങ്ങളെ തള്ളിക്കളയും ചെയ്തു.

നാബാൽ സംരക്ഷണം ആസ്വദിച്ചു, പക്ഷെ സംരക്ഷകനെ മറന്നുകളഞ്ഞു.

ദാവീദിന്റെ വിശ്വസ്തതയിൽനിന്ന് അവൻ പ്രയോജനം നേടി എങ്കിലും അത് അംഗീകരിക്കാൻ അവന്റെ മനസ്സ് വിസമ്മതിച്ചു. ഇത് ഒരു സാധാരണ മനുഷ്യന്റെ പ്രവണതയാണ്. ഒരാൾ ചെയ്തു വിജയിച്ച കാര്യങ്ങൾ ശ്രദ്ധിക്കാതെ ചെയ്യാൻ പരാജയപ്പെട്ട കാര്യങ്ങളാണ് മുന്നിൽ കടന്നുവരുന്നത്. ഒരാളുടെ ദയയെ നാം പരിചയപ്പെടുകയും അത് നാം പ്രതീക്ഷിക്കയും ചെയ്യാൻ തുടങ്ങുന്നു. ഒരിക്കൽ നമ്മെ അത്ഭുതപ്പെടുത്തിയത് സാധാരണമായിത്തീരുന്നു.

കുടുംബങ്ങൾക്ക് ഇത് അനുഭവിക്കാൻ കഴിയും.

സഭകൾക്ക് ഇത് അനുഭവിക്കാൻ കഴിയും.

സുഹൃത്തുക്കൾക്ക് ഇത് അനുഭവിക്കാൻ കഴിയും.

- ❖ ഒരു ഭർത്താവ് ഭാര്യയുടെ ത്യാഗങ്ങൾ മറന്നുപോയേക്കാം, ഭാര്യ ഭർത്താവിന്റെ ത്യാഗങ്ങളും മറന്നുപോയേക്കാം.
- ❖ കുട്ടികൾ മാതാപിതാക്കളുടെ ത്യാഗങ്ങൾ മറന്നുപോയേക്കാം.
- ❖ വിശ്വാസികൾ തങ്ങൾക്കൊപ്പം നിന്നവരുടെ പ്രാർത്ഥനകളും പ്രോത്സാഹനവും മറന്നുപോയേക്കാം.

കൃതജ്ഞതയ്ക്ക് മനപൂർവ്വമായ ഓർമ്മ ആവശ്യമാണ്.

നമ്മളായി മാറാനും ഇന്നത്തെ അവസ്ഥയിൽ എത്താനും സഹായിച്ചവരെ ഓർക്കാൻ ദൈവം നമ്മെ സഹായിക്കുമാറാകട്ടെ.


നെഹെമ്യ ബൈബിൾ കോളേജുകൾ
ചെപ്പോക്ക് & സന്തോഷപുരം, വേളാച്ചേരി ചെന്നൈ.
അതിവേഗം അഡ്മിഷൻ നേടുവിൻ!
ഭാഷ : തമിഴ് (Part time)
ഹിന്ദി (Part Time)
യോഗ്യത :
പത്താം ക്ലാസ്സും അതിനു മുകളിലും
ദൈവശാസ്ത്രത്തിൽ ഡിപ്ലോമ &
ദൈവശാസ്ത്രത്തിൽ ബിരുദം
കഴിഞ്ഞ 57 വർഷങ്ങളായി അന്താരാഷ്ട്ര
ക്രിസ്തീയ നേതാക്കളും മുതിർന്ന
പാസ്റ്റർമാരും അംഗീകരിച്ചത്
ബന്ധപ്പെടുവിൻ : ദി ചെയർമാൻ, നെഹെമ്യ ബൈബിൾ കോളേജ്
10, മുഹമ്മദ് അബ്ദുള്ള 2-ാം തെരുവ്, ചെപ്പോക്ക്, ചെന്നൈ – 600 005, ഇന്ത്യ
ഫോൺ : (91 – 44) 2852 8282, മൊബൈൽ : (+91) 98410 71852/95661 31858
E-mail : sam@echoofhiscall.org / Website : www.echoofhiscall.org

## 4. മറന്നുപോയ സ്വാതന്ത്ര്യം : ഗിദയോനും യിസ്രായേലും!
### ന്യായാധിപന്മാർ 08

ഗിദയോന്റെ കഥ തുടങ്ങുന്നത് ഭയത്തോടെയാണ്. ദൈവം അവനെ വിളിക്കുമ്പോൾ അവൻ ഒളിച്ചിരിക്കുകയായിരുന്നു. അവൻ തന്നെത്തന്നെ ദുർബലനും നിസ്സാരനുമായി കണ്ടു, പക്ഷെ ദൈവം അവനെ കണ്ടത് ശക്തനായൊരു യോദ്ധാവായിട്ടാണ്.

**യഹോവയുടെ ദൂതൻ അവന്നു പ്രത്യക്ഷനായി; അല്ലയോ പരാക്രമശാലിയേ, യഹോവ നിന്നോടുകൂടെ ഉണ്ടു എന്നു അവനോടു പറഞ്ഞു.** ന്യായാധിപന്മാർ 6:12.

ഗിദയോന്റെ അനുസരണത്തിലൂടെ ദൈവം യിസ്രായേലിനെ മിദ്യാന്യരിൽ നിന്നും വിടുവിച്ചു. വെറും 300 പുരുഷന്മാരുമായി, വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ഏറ്റവും വലിയ വിജയങ്ങളിൽ ഒന്ന് ഗിദയോന്റെ പേരിൽ കുറിക്കപ്പെട്ടു.

ദൈവം ഗിദയോനിലൂടെ പ്രവർത്തിച്ചതിനാൽ ജനങ്ങൾ സമാധാനം ആസ്വദിച്ചു.

എന്നാൽ ഈ സമാധാനം ഗിദയോന്റെ മരണശേഷം യിസ്രായേൽ മറന്നുപോയി.

***വേദപുസ്തകം ഇങ്ങനെ പറയുന്നു:***

യിസ്രായേൽമക്കൾ **ചുറ്റുമുള്ള സകല ശത്രുക്കളുടെയും കയ്യിൽനിന്ന് തങ്ങളെ രക്ഷിച്ച തങ്ങളുടെ ദൈവമായ യഹോവയെ ഓർത്തില്ല.** ന്യായാധിപന്മാർ 8:34.

ഗിദയോന്റെ ഭവനത്തോട് ദയ കാണിക്കുന്നതിലും അവർ പരാജയപ്പെട്ടു.

ജനങ്ങൾ വിജയം ഓർത്തെങ്കിലും ഗിദയോനിലൂടെ ദൈവം നൽകിയ വിടുതൽ അവർ മറന്നു.

ഇത് നമുക്കെല്ലാം ഒരു അപകടമാണ്. നടത്തിയ യാത്രയെ മറന്നുകൊണ്ട് അതിന്റെ ഫലം നമുക്ക് ആസ്വദിക്കാം. ഉത്തരം ലഭിച്ച പ്രാർത്ഥനകൾ ആസ്വദിക്കാം, അതേ സമയം ഉത്തരം നൽകിയവനെ മറക്കാം.

യിസ്രായേലിന്റെ ഏറ്റവും വലിയ പ്രശ്നം അനുഗ്രഹങ്ങളുടെ അഭാവമായിരുന്നില്ല. അനുഗ്രഹങ്ങളുടെ ഉറവിടത്തെ അവർ മറന്നുപോയി എന്നതാണ് അവരുടെ പ്രശ്നം.

ഓരോ അനുഗ്രഹവും നമ്മെ ദൈവത്തിലേക്ക് കൂടുതൽ അടുപ്പിക്കണം, അവനിൽ നിന്ന് കൂടുതൽ അകലരുത്.

നിർഭാഗ്യവശാൽ, ഇത് ഇന്നത്തെ ലോകത്തിലെ ഏറ്റവും വലിയ വെല്ലുവിളികളിൽ ഒന്നാണ്. നാം ദൈവത്തോടു അനുഗ്രഹങ്ങൾ ചോദിക്കുന്നു, പക്ഷെ ലഭിക്കുന്ന അനുഗ്രഹങ്ങളിലൂടെ അവനോടു കൂടുതൽ അടുക്കുന്നതിനുപകരം നാം അകലാൻ തുടങ്ങുന്നു.

## 5. മറന്നുപോയ സൗഖ്യദായകൻ: പത്തു കുഷ്ഠരോഗികളും നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവും! ലൂക്കൊസ് 17

ഒരുപക്ഷെ മറവിയുടെ ഏറ്റവും വലിയ ചിത്രങ്ങളിലൊന്ന് പത്തു കുഷ്ഠരോഗികളുടെ കഥയിൽ കാണാം.

കുഷ്ഠരോഗം വിനാശകരമായ രോഗമാണ്. അത് ബാധിച്ചവരെ സമൂഹത്തിൽനിന്നു ഒറ്റപ്പെടുത്തി, സാധാരണ ജീവിതം നയിക്കാൻ കഴിയാതെ, പലപ്പോഴും പുറത്താക്കപ്പെട്ടവരായി കണക്കാക്കി.

***പത്ത് കുഷ്ഠരോഗികൾ യേശുവിനെ കണ്ട് നിലവിളിച്ചു:***

**യേശു, നായകാ, ഞങ്ങളോടു കരുണയുണ്ടാകണമേ.** ലൂക്കൊസ് 17:13.

യേശുക്രിസ്തു അവരെ സൗഖ്യമാക്കി.

* പത്ത് ജീവിതങ്ങൾ രൂപാന്തരപ്പെട്ടു.
* പത്ത് പേർക്ക് രണ്ടാമത് ഒരു അവസരം കൂടി ലഭിച്ചു.
* പത്ത് പേർക്ക് ദൈവത്തിന്റെ ശക്തി അനുഭവവേദ്യമായി.
* എന്നാൽ ഒരാൾ മാത്രം മടങ്ങിവന്നു.

***യേശുക്രിസ്തു ഇങ്ങനെ ചോദിച്ചു:***

**"പത്തുപേർ ശുദ്ധരായിത്തീർന്നില്ലയോ? ഒമ്പതുപേർ എവിടെ?"**

ഒമ്പതു പേർക്കും അത്ഭുതം ലഭിച്ചു, പക്ഷെ അത്ഭുതം നൽകിയവനെ മറന്നു.

അവർക്ക് രോഗശാന്തി ലഭിച്ചെങ്കിലും നന്ദിയും ആരാധനയും നൽകാൻ മടങ്ങിവന്നില്ല. അവരുടെ നഷ്ടം ശാരീരികമായിരുന്നില്ല – അത് ആത്മീയമായിരുന്നു. യേശുക്രിസ്തു ചെയ്ത നന്മ തിരിച്ചറിയാനും അവനെ ബഹുമാനിക്കാനുള്ള അവസരം അവർ നഷ്ടപ്പെടുത്തി.

ഇതുപോലെ എത്ര തവണ നാം ചെയ്തിട്ടുണ്ട്?

സഹായം ആവശ്യമുള്ളപ്പോൾ നാം നിലവിളിക്കുന്നു, ബുദ്ധിമുട്ടുകൾ നേരിടുമ്പോൾ നാം ദൈവത്തെ അന്വേഷിക്കുന്നു, കരുതലിനും രോഗശാന്തിക്കും മാർഗനിർദ്ദേശത്തിനും മുന്നേറ്റം ഉണ്ടാകുവാനും വേണ്ടി നാം പ്രാർത്ഥിക്കുന്നു.

എന്നാൽ ഉത്തരം ലഭിക്കുമ്പോൾ നാം നന്ദിയോടെ അവന്റെ അടുക്കൽ മടങ്ങുമോ?

ദൈവത്തിന് നമ്മുടെ നന്ദി ആവശ്യമില്ല. പക്ഷെ നമുക്ക് അത് ആവശ്യമുണ്ട്. കാരണം അത് നമ്മുടെ ഹൃദയത്തെ അവനുമായി ബന്ധിപ്പിക്കുകയും എല്ലാ അനുഗ്രഹങ്ങളുടെയും ഉറവിടത്തെക്കുറിച്ച് നമ്മെ ഓർമ്മിപ്പിക്കുകയും ചെയ്യുന്നു.

9-ാം പേജിൽ തുടരും...


### വിളിയുടെ പ്രതിധ്വനി
**മാസിക സൗജന്യമായി ലഭിക്കുവാനുള്ള സുവർണ്ണാവസരം**

നിങ്ങളുടെ സ്നേഹിതരുടെയോ ബന്ധുക്കളുടെയോ വിലാസം തപാൽ, കത്ത്, ഇ-മെയിൽ, വാട്ട്സ്ആപ്, ഫോൺ ഇവയിൽ ഏതെങ്കിലുമൊന്നിലൂടെ ഞങ്ങളെ അറിയിക്കുകയാണെങ്കിൽ **വിളിയുടെ പ്രതിധ്വനി** മാസിക സൗജന്യമായി അവരുടെ വിലാസത്തിൽ ഞങ്ങൾ അയച്ചുകൊടുക്കുന്നതാണ്.

### നികുതി ഇളവ്

"ECHO OF HIS CALL EDUCATIONAL TRUST" **ന് വ്യക്തിയോ സംഘടനയോ നൽകുന്ന സംഭാവനകൾ വരുമാന നികുതി ആക്ട് 80 ജി പ്രകാരം നികുതി ഇളവിന് അർഹമാണ്. ഇതിന് ഔദ്യോഗിക രസീത് നൽകുന്നതാണ്. ഇത്തരം സംഭാവനകൾക്കുള്ള പണച്ചീട്ട്, ഡ്രാഫ്റ്റ് എന്നിവ എക്കോ ഓഫ് ഹിസ് കോൾ എഡ്യൂക്കേഷണൽ ട്രസ്റ്റ് എന്ന പേരിൽ എടുത്ത് ഞങ്ങൾക്ക് അയച്ചുതരിക.**

| | | |
|---|---|---|
| **Account Name** | : | **ECHO OF HIS CALL EDUCATIONAL TRUST** |
| **Account Number** | : | **1023 2923 805** |
| **Bank Name** | : | **STATE BANK OF INDIA** |
| **Branch** | : | **TRIPLICANE, CHENNAI - 600 005** |
| **IFSC Code** | : | **SBIN 0000249** |
| **SWIFT Code** | : | **SBI NIN BB 455** |



# കുടിലിൽ നിന്നും കൊട്ടാരത്തിലേക്ക്

## PIT TO PALACE

(പാസ്റ്റർ എസ്. സാം സെൽവരാജിന്റെ ജീവിതാനുഭവങ്ങൾ)


„വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ" (മത്തായി 24:15)

## നമ്മുടെ സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിന്റെ ചരിത്രം!

***അവൻ വാരി വിതറി ദരിദ്രന്മാർക്കു കൊടുക്കുന്നു; അവന്റെ നീതി എന്നേക്കും നിലനില്ക്കുന്നു എന്നു എഴുതിയിരിക്കുന്നുവല്ലോ. എന്നാൽ വിതെക്കുന്നവന്നു വിത്തും ഭക്ഷിപ്പാൻ ആഹാരവും നല്കുന്നവൻ നിങ്ങളുടെ വിതയും നല്കി പൊലിപ്പിക്കയും നിങ്ങളുടെ നീതിയുടെ വിളവു വർദ്ധിപ്പിക്കയും ചെയ്യും.*** – 2 കൊരിന്ത്യർ 9;9,10.

ഏകദേശം ഇരുപത്തിയെട്ടു വർഷങ്ങൾക്കുമുമ്പ് ഇപ്പോൾ **സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂൾ** സ്ഥിതിചെയ്യുന്ന വില്ലേജിൽ അനേകം കുഞ്ഞുങ്ങൾ ലക്ഷ്യബോധമില്ലാതെ അലഞ്ഞുതിരിഞ്ഞു നടക്കുന്നത് ഞാൻ കാണുകയുണ്ടായി. ഇവരിൽ മിക്ക കുട്ടികളും അതിദാരിദ്ര്യം കാരണം സ്കൂളിൽ പോകാൻ കഴിയാത്തവരായിരുന്നു.

ആ കാലയളവിൽ, ഞങ്ങളുടെ ബൈബിൾ കറസ്പോണ്ടൻസ് കോഴ്സായ "ന്യൂ ലൈഫ് ഫോർ യു" വിലെ പാഠങ്ങൾ ഉപയോഗിച്ച് ഇംഗ്ലീഷിലും തമിഴിലും **ബൈബിൾകോർ (ഷോർട്ട് ടേം ബൈബിൾ കറസ്പോണ്ടൻസ് സർട്ടിഫിക്കേറ്റ് കോഴ്സ്)** ഗ്രൂപ്പ് ബൈബിൾ പാഠങ്ങൾ നടത്തി. ഓരോ ഗ്രൂപ്പിലും ഏകദേശം നൂറോളം പിന്നോക്ക നിലവാരത്തിൽ ഉള്ള കുട്ടികൾ ഉണ്ടായിരുന്നു. അവരുടെ ഹാജർ പ്രോത്സാഹിപ്പിക്കുവാനായി ഞങ്ങൾ അവർക്കു ലഘു ഭക്ഷണം നൽകി. ക്രമേണ, കുട്ടികൾ ലളിതമായ ഇംഗ്ലീഷ് വാക്കുകളും ക്രിസ്തീയ ഗാനങ്ങളും പഠിക്കാൻ തുടങ്ങി. വീട്ടിൽ വച്ച് അവർ ഈ ഗാനങ്ങൾ ആലപിക്കുമ്പോൾ അവരുടെ മാതാപിതാക്കൾക്ക് വലിയ സന്തോഷമായിരുന്നു.



അപ്പോൾ, ആ വില്ലേജിൽ ഈ പാവപ്പെട്ട കുട്ടികൾക്കുവേണ്ടി ഒരു ഇംഗ്ലീഷ് മീഡിയം സ്കൂൾ ആരംഭിക്കുവാനായുള്ള ഒരു വലിയ ഭാരം എന്റെ ഹൃദയത്തിൽ ഉണ്ടായി.


***ഇച്ഛിക്ക എന്നതും പ്രവർത്തിക്ക എന്നതും നിങ്ങളിൽ ദൈവമല്ലോ തിരുവുള്ളം ഉണ്ടായിട്ടു പ്രവർത്തിക്കുന്നതു*** - ഫിലിപ്പിയർ 2:13.


എന്റെ പ്രിയ സുഹൃത്തുക്കളിൽ ഒരാളായ ശ്രീ. സാം ഡാനിയേൽ വഴി കർത്താവ് ഈ ദർശനം സ്ഥിരീകരിച്ചു. അങ്ങനെ **സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂൾ** സ്ഥാപിതമായി.

ആദ്യകാലങ്ങൾ നിരവധി വെല്ലുവിളികൾ നിറഞ്ഞതായിരുന്നു. ഞാൻ ഒറ്റയക്ക് ഈ വലിയ സാമ്പത്തിക ബുദ്ധിമുട്ടുകൾ നേരിടേണ്ടി വന്നു. പല മാതാപിതാക്കളും കുട്ടികളെ സ്കൂളിൽ ചേർക്കാൻ ആകാംക്ഷയോടെ ശ്രമിച്ചെങ്കിലും അദ്ധ്യാപകരുടെയും ജീവനക്കാരുടെയും പ്രതിമാസ ശമ്പളം കണ്ടെത്തുന്നത് ഒരു നിരന്തര പോരാട്ടമായി മാറി.

എന്നിരുന്നാലും, എന്നെ ഇംഗ്ലീഷിൽ സ്വാഗതം ചെയ്യുന്ന ആ പാവപ്പെട്ട കുട്ടികളുടെ പുഞ്ചിരിക്കുന്ന മുഖങ്ങളും, അവർ സന്തോഷത്തോടെ ഇംഗ്ലീഷ് ഗാനങ്ങൾ ആലപിക്കുന്നതും കാണുമ്പോൾ ഈ എല്ലാ ബുദ്ധിമുട്ടുകൾക്കിടയിലും ഈ ശുശ്രൂഷ തുടരാനുള്ള പുതിയ ശക്തിയും ദൃഢനിശ്ചയവും ഞാൻ കണ്ടെത്തി.

ഞങ്ങളുടെ വിദ്യാഭ്യാസ സഹായ പദ്ധതിയിലൂടെ ദരിദ്രരായ കുട്ടികളുടെ വിദ്യാഭ്യാസം സ്പോൺസർ ചെയ്യാൻ കഴിയുന്നതിനായി ഞാനും എന്റെ ഭാര്യയും ഞങ്ങളുടെ സ്വകാര്യ ചെലവുകൾ പരമാവധി കുറച്ചു. സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണത്തിന് രണ്ട് ഉദാരമതികളായ സഹോദരന്മാർ സഹായിച്ചു എങ്കിലും സ്കൂളിന്റെ ദൈനംദിന നടത്തിപ്പിനെ പിന്തുണയ്ക്കാൻ ആരും മുന്നോട്ടുവന്നില്ല. അതിനാൽ അദ്ധ്യാപകർക്കും ജീവനക്കാർക്കും ശമ്പളം നൽകാൻ ഞങ്ങളുടെ സ്വകാര്യ വസ്തുക്കളും ആഭരണങ്ങൾ പോലും വിൽക്കാൻ ഞങ്ങൾ നിർബന്ധിതരായി.





കുറച്ചു വർഷങ്ങൾക്കുമുമ്പ് ആശുപത്രിയിൽ പ്രവേശിപ്പിച്ച ഒരു സുഹൃത്തിനെ സന്ദർശിക്കാൻ എനിക്കു അവസരം ലഭിച്ചു. എന്നാൽ സന്ദർശന സമയം കഴിഞ്ഞ് എത്തിയ ഞാൻ മടിച്ചു മടിച്ചാണ് ആശുപത്രിയിലേക്ക് പ്രവേശിച്ചത്.

ഞാൻ ഇടനാഴിയിലൂടെ നടക്കുമ്പോൾ നിരവധി ഡോക്ടർമാരും ചീഫ് ഡോക്ടറും എതിർദിശയിലൂടെ എന്റെ അടുത്തേക്കു വന്നു. അവർ അറിയാതെ ഞാൻ തീവ്രപരിചരണ വിഭാഗത്തിന്റെ (ഐസിയു) വഴിയിൽ തടസ്സമായി നിൽക്കുന്നതു തോന്നിയതിനാൽ ഞാൻ ലജ്ജയോടെ പെട്ടെന്ന് മൂലയിലേക്കു മാറി നിന്നിട്ട് "ക്ഷമിക്കണം" എന്നു പറഞ്ഞു.

അതിലുണ്ടായിരുന്ന ഒരു ഡോക്ടർ എന്റെ അടുത്തേക്കു തിടുക്കത്തിൽ വന്ന് എന്റെ മുമ്പിൽ മുട്ടുകുത്തി, എന്റെ കാലുകൾ പിടിച്ചു കരയാൻ തുടങ്ങി.

അദ്ദേഹം ഇങ്ങനെ പറഞ്ഞു:

"സർ, ഞാൻ വിദ്യാഭ്യാസമില്ലാത്ത ദരിദ്ര കുടുംബത്തിൽ നിന്നാണ് വരുന്നത്. പഠിക്കാനായിട്ട് വളരെയധികം കഷ്ടപ്പെട്ടു. എന്നിട്ടും എന്നെ സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിൽ ചേർത്തു,

സൗജന്യ വിദ്യാഭ്യാസ്, യൂണിഫോം, ഭക്ഷണം കൂടാതെ എനിക്ക് ആവശ്യമായ എല്ലാ സഹായങ്ങളും നിങ്ങൾ നൽകി. നിങ്ങളുടെ




ദയ കൊണ്ടു മാത്രമാണ് എനിക്കു സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കാൻ കഴിഞ്ഞത്. തുടർന്നു മെഡിക്കൽ പഠനം ചെയ്തു, ഇപ്പോൾ ഞാൻ ഒരു മെഡിക്കൽ ഡോക്ടറാണ്. എന്റെ സ്കൂൾ ദിവസങ്ങളിൽ എനിക്കു ലഭിച്ച ആത്മീയ അടിത്തറ എന്റെ ജീവിതത്തെ നയിക്കുന്നു. ഇപ്പോൾ ഞാൻ എന്റെ സഹ ഡോക്ടർമാരുമായി സുവിശേഷം പങ്കിടുന്നു."

അവിടെയുണ്ടായിരുന്ന എല്ലാവരും അത്യധികം വികാരഭരിതരായിരുന്നു. ആ ചെറുപ്പക്കാരന്റെ ജീവിതത്തിൽ ദൈവം ചെയ്ത അത്ഭുതകരമായ പ്രവൃത്തിക്കു സാക്ഷ്യം വഹിച്ചുകൊണ്ട് ഞങ്ങൾ നിന്നു. ഡോക്ടർമാർ എന്നെ വളരെ ബഹുമാനത്തോടെ എന്നോടു പെരുമാറി. സകല മഹത്വവും ദൈവത്തിന്.

ഇതുപോലുള്ള നിരവധി സാക്ഷ്യങ്ങൾ ഞങ്ങൾക്കു പറയാനുണ്ട്. സർവ്വശക്തനായ കർത്താവിലുള്ള അചഞ്ചലമായ വിശ്വാസത്തിലൂടെ മാത്രമാണ് ഞങ്ങൾക്ക് ഈ ശുശ്രൂഷ തുടരാനായത്.

ഇന്ന് 500-ലധികം വിദ്യാർത്ഥികൾ സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിൽ പഠിക്കുന്നു. പ്രദേശത്തെ സ്കൂളുകളിൽ നിന്നും ഞങ്ങളുടെ സ്കൂൾ മികച്ച സ്കൂളെന്ന അവാർഡിനായി തെരഞ്ഞെടുത്തു. 2008 ഡിസംബർ 24-ന് മുൻ ഭക്ഷ്യമന്ത്രിയുടെ സാന്നിധ്യത്തിൽ മുൻ വിദ്യാഭ്യാസ മന്ത്രി സമ്മാനിച്ചു.

ഈ ശുശ്രൂഷയിലൂടെ ദൈവം ഇനിയും നിരവധി ജീവിതങ്ങളെ രൂപാന്തരപ്പെടുത്തട്ടെ. ദാരിദ്ര്യത്തിന്റെയും നിരാശയുടെയും ആഴങ്ങളിൽനിന്ന് കുട്ടികളെ പ്രത്യാശയുടെയും ലക്ഷ്യബോധത്തിന്റെയും അനുഗ്രഹത്തിന്റെയും ജീവിതത്തിലേക്ക് നയിക്കട്ടെ എന്നാണ് ഞങ്ങളുടെ പ്രാർത്ഥന.

***എനിക്കു വിശന്നു, നിങ്ങൾ ഭക്ഷിപ്പാൻ തന്നു, ദാഹിച്ചു; നിങ്ങൾ കുടിപ്പാൻ തന്നു; ഞാൻ അതിഥിയായിരുന്നു, നിങ്ങൾ എന്നെ ചേർത്തുകൊണ്ടു; നഗ്നനായിരുന്നു, നിങ്ങൾ എന്നെ ഉടുപ്പിച്ചു...***

***അതിന്നു നീതിമാന്മാർ അവനോടു: കർത്താവേ, ഞങ്ങൾ എപ്പോൾ നിന്നെ വിശന്നു കണ്ടിട്ടു ഭക്ഷിപ്പാൻ തരികയോ ദാഹിച്ചു കണ്ടിട്ടു കുടിപ്പാൻ തരികയോ ചെയ്തു? ഞങ്ങൾ എപ്പോൾ നിന്നെ അതിഥിയായി കണ്ടിട്ടു ചേർത്തുകൊള്ളുകയോ നഗ്നനായി കണ്ടിട്ടു ഉടുപ്പിക്കയോ ചെയ്തു?***

***രാജാവു അവരോടു: എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തന്നു നിങ്ങൾ ചെയ്തേടത്തോളം എല്ലാം എനിക്കു ചെയ്തു എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു അരുളിച്ചെയ്യും.*** മത്തായി 25:35-40.

....Contd. from page 7

## ഓർമ്മിക്കപ്പെടുന്ന ഒരു ഹൃദയം!

***ഓർമ്മയുണ്ടായിരിക്കാൻ ദൈവജനത്തെ നിരന്തരമായി വേദപുസ്തകം വിളിക്കുന്നു:***

* അവന്റെ വിശ്വസ്തതയെ ഓർക്കുക.
* അവന്റെ വാഗ്ദാനങ്ങൾ ഓർക്കുക.
* അവന്റെ നന്മ ഓർക്കുക.
* നമ്മുടെ ജീവിതത്തിൽ അവൻ ആക്കിയവരെ ഓർക്കുക.
* എല്ലാറ്റിനുമുപരി, നമ്മെ അനുഗ്രഹിക്കുകയും നിലനിർത്തുകയും ചെയ്ത കർത്താവിനെ ഓർക്കുക.

മറവി അഹങ്കാരത്തിലേക്കു നയിക്കുന്നു; ഓർമ്മ ആരാധനയിലേക്കു നയിക്കുന്നു.

* പാനപാത്രവാഹകൻ യോസേഫിന്റെ ദയ മറന്നു.
* യഹോയാദായുടെ മാർഗ്ഗനിർദ്ദേശം യോവാശ് മറന്നു.
* ദാവീദിന്റെ സംരക്ഷണം നാബാൽ മറന്നു.
* ഗിദയോൻ നൽകിയ വിടുതൽ യിസ്രായേല്യർ മറന്നു.
* ഒൻപതു കുഷ്ഠരോഗികൾ യേശുവിന്റെ കരുണ മറന്നു.

അവരുടെ തെറ്റുകളിൽനിന്ന് നമുക്ക് പഠിക്കാം.

നമുക്ക് ഓർമ്മയുള്ളവരായി മാറാം.

നിങ്ങൾക്കുവേണ്ടി ത്യാഗം സഹിച്ച മാതാപിതാക്കളെ ഓർക്കുക.

നിങ്ങളെ പ്രോത്സാഹിപ്പിച്ച അദ്ധ്യാപകരെ ഓർക്കുക.

നിങ്ങളോടൊപ്പം നിന്ന സുഹൃത്തുക്കളെ ഓർക്കുക.

നിങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ച ദൈവദാസനെ ഓർക്കുക.

എല്ലാറ്റിനുമുപരി, നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിനെ ഓർക്കുക. നാം പാപികളായിരിക്കുമ്പോൾതന്നെ നമുക്കുവേണ്ടി ജീവൻ നൽകിയവൻ; നിരുപാധികമായി നമ്മെ സ്നേഹിച്ചവൻ; നമുക്കെല്ലാവർക്കുംവേണ്ടി മരിക്കയും ഉയിർക്കയും ചെയ്തവൻ; തന്നോടൊപ്പം നിത്യമായി ജീവിക്കാൻ നമ്മെ കൊണ്ടുപോകാൻ വീണ്ടും വരുന്നവൻ.

മനുഷ്യരെ മറക്കുന്നതല്ല ഏറ്റവും വലിയ വിപത്ത്.

ദൈവത്തെ മറക്കുന്നതാണ് ഏറ്റവും വലിയ വിപത്ത്.

നമ്മുടെ ജീവിതപാതയിൽ ദൈവം നൽകിയ എല്ലാ ദാനങ്ങളെയും, വിശ്വസ്തമായ എല്ലാ കരങ്ങളെയും തിരിച്ചറിയുന്ന നന്ദിയുള്ള ഹൃദയങ്ങളാൽ നമ്മുടെ ജീവിതം നിറയട്ടെ.

എല്ലാ അനുഗ്രഹങ്ങളും നൽകുന്നവനെ നാം ഒരിക്കലും മറക്കരുത്.

**എൻ മനമേ, യഹോവയെ വാഴ്ത്തുക; അവന്റെ ഉപകാരങ്ങൾ ഒന്നും മറക്കരുത്.** - സങ്കീർത്തനങ്ങൾ 103:2.

************

### അറിയിപ്പ്

**(+91) 9841071858, (+91) 9841271858 എന്ന ഞങ്ങളുടെ മുഖ്യ മൊബൈൽ നമ്പറുകൾ നിങ്ങളുടെ മൊബൈൽ ഫോണുകളിൽ സേവ് ചെയ്യുവിൻ.**

**-എഡിറ്റർ**

"Egmore RMS Patrika Channel" RNI.No.55468/94, Postal Regn.No.TN/CH/(C)/199/24-26 WPP.No.TN/PMG(CCR)/WPP-221/24-26

## OUR BANK DETAILS:

### 1. Bank : State Bank of India

| | |
|---|---|
| Branch | : Triplicane, Chennai-5 |
| Name | : S. Sam Selva Raj |
| A/C No. | : 1023 2934 679 |
| IFSC | : SBIN 00 00 249 |
| SWIFT CODE | : SBI NIN BB 455 |

### 2. Bank : ICICI Bank

| | |
|---|---|
| Branch | : Anna Salai, Chennai-6 |
| Name | : Echo of His Call |
| A/C No. | : 6038 0502 2319 |
| IFSC | : ICIC 000 6038 |

### 3. Bank : State Bank of India

(This Account is for Tax Exemption for Indians only )

| | |
|---|---|
| Branch | : Triplicane, Chennai-5 |
| Name | : Echo of His Call Educational Trust |
| A/C No. | : 1023 2923 805 |
| IFSC | : SBIN 00 00 249 |

## OUR QR CODE:

ECHO OF HIS CALL

Scan to pay with any UPI app

Google Pay: 98410 71858
PayPal : SAM SELVA RAJ
*****
E.mail : sam@echoofhiscall.org

# വിളിയുടെ പ്രതിധ്വനി

**16 ഭാഷകളിലെ മാസിക, ബൈബിൾ കോളേജുകൾ, പോസ്റ്റൽ കോഴ്സുകൾ, സഭ സ്ഥാപിക്കുക, വില്ലേജ് ഇംഗ്ലീഷ് ഹൈസ്കൂൾ, സുവിശേഷ അച്ചടിശാല, ക്രൂസേഡുകൾ, സെമിനാറുകൾ, സാമൂഹ്യസേവനം മുതലായവ**

വാർഷിക വരിസംഖ്യ : 100/- രൂപ    ആയുഷ്കാല വരിസംഖ്യ : 2000/- രൂപ

നിങ്ങളെപ്പോലെയുള്ള ദൈവമക്കളുടെ സഹായവും ഉദാരമായ സംഭാവനയുമാണ് **വിളിയുടെ പ്രതിധ്വനി**യുടെ വൈവിധ്യമുള്ള പ്രവർത്തനങ്ങൾക്കു സഹായകമായിട്ടുള്ളത്. ദൈവം പ്രേരിപ്പിക്കുന്നതുപോലെ **വിളിയുടെ പ്രതിധ്വനി** പ്രവർത്തനങ്ങളെ സഹായിക്കുവിൻ. സുവിശേഷം ഇതുവരെയും എത്തിച്ചേരാത്ത സ്ഥലങ്ങളിൽ സുവിശേഷം എത്തിക്കുവാനും സഭകൾ സ്ഥാപിക്കുവാനും നിങ്ങളുടെ സഹായം ആവശ്യമാണ്.

**വിളിയുടെ പ്രതിധ്വനി** മാസിക തുടർച്ചയായി ലഭിക്കണമെങ്കിൽ ഞങ്ങൾക്ക് എഴുതുവിൻ. നിങ്ങളുടെ വിലാസം മാറുമ്പോൾ പഴയതും പുതിയതുമായ വിലാസങ്ങളും ഇമെയിൽ അഡ്രസും അറിയിക്കുവിൻ.

ഞങ്ങളുടെ വെബ്സൈറ്റിൽ 16 ഭാഷകളിലെ മാസികകളും ലഭ്യമാണ്. വെബ്സൈറ്റിൽ കയറി നിങ്ങൾക്ക് അത് വായിക്കുകയും ഡൗൺലോഡ് ചെയ്യുകയും ചെയ്യാവുന്നതാണ്.

നിങ്ങളുടെ കത്തുകൾ, പ്രാർത്ഥനാ ആവശ്യങ്ങൾ, സാമ്പത്തിക സഹായം ഡിമാന്റ് ഡ്രാഫ്റ്റ്, ചെക്ക്, മണി ഓർഡർ, പെ പാൽ (Sam Selva Raj, sam@echoofhiscall.org), **നെഫ്റ്റ്, ഫോൺ പെ (9841071858) , ഗൂഗിൾ പെ (9841071858), വെസ്റ്റേൺ യൂണിയൻ** മണിഗ്രാം തുടങ്ങിയവയിലൂടെ താഴെ കാണുന്ന വിലാസത്തിൽ ദയവായി അയക്കുവിൻ.

നിങ്ങളുടെ ഫോൺ/മൊബൈൽ നമ്പർ, ഇമെയിൽ അഡ്രസ് തുടങ്ങിയവ അയച്ചുതരിക.

ECHO OF HIS CALL
10, MOHAMMED ABDULLAH 2nd STREET, CHEPAUK
CHENNAI - 600 005, INDIA
PH : (+91-44) 2852 8282, 2852 9293, 2854 7766
CELL : (+91) 98410 71852, 95661 31858
E-mails : sam@echoofhiscall.org / biblecor@yahoo.co.in
Websites : www.echoofhiscall.org / www.stpaulsmatriculation.org

**YOU CAN SEND YOUR DONATION ONLINE ALSO**

**Regd. with the RNI under No. 55468/94**
**Licenced to post without pre-payment**
**Postal Regn. No. TN/CH (C) /199/24-26**
**Licence No. WPP. No. TN/PMG(CCR)/WPP-221/24-26**
**Date of Publication: First week of every month**
**Date of Posting : 3rd & 4th of every month Posted at "Egmore RMS Patrika Channel"**
**on 4th SEPTEMBER 2026.**
**If un-delivered please return to:**
**ECHO OF HIS CALL (MALAYALAM)**
**P.O. Box No. 2957, Chepauk, Chennai - 600 005, INDIA.**
**Phone: (+ 91- 44) 2852 8282, 2852 9293, 2854 7766**

*JESUS LOVES YOU!*

To

*GOD BLESS YOU!*

Owned and published by **S. Sam Selva Raj** from New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005 and printed by **S. Sam Selva Raj** at **Echo of His Call Printers,** New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005. Editor: **S. Sam Selva Raj.**